"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പോലീസ് വകുപ്പിൽ സേവനത്തിലിരിക്കെ നിര്യാതനായ ബാബു കെ. വി.-യുടെ മകൻ ശ്രീ. അനന്തകൃഷ്ണൻ ബി. ആശ്രിത നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.2315/2022/HOME തീയതി,തിരുവനന്തപുരം, 20-08-2022

പരാമർശം:-

1. 24.05.1999 ലെ സ.ഉ.(പി)നം. 12/99/ഉ.ഭ.പ.വ.
2. ശ്രീ. അനന്തകൃഷ്ണൻ ബി. 11.02.2020-ൽ സമർപ്പിച്ച ആശ്രിത നിയമന അപേക്ഷ.
3. സംസ്ഥാന പോലീസ് മേധാവിയുടെ 26.06.2020 ലെ എം.4(എ)-43496/2020/പി.എച്ച്.ക്യൂ. നമ്പർ കത്ത്.
4. ശ്രീ. അനന്തകൃഷ്ണൻ ബി. 03.09.2021-ൽ സമർപ്പിച്ച തസ്തികമാറ്റ അപേക്ഷ.
5. സംസ്ഥാന പോലീസ് മേധാവിയുടെ 16.11.2021 ലെ എം.4(എ)-43496/2020/പി.എച്ച്.ക്യൂ. നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലാ പോലീസ് ആസ്ഥാനത്ത് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ 18.02.2019-ൽ നിര്യാതനായ ബാബു കെ. വി.-യുടെ മകൻ കോട്ടയം, വാരിശ്ശേരി, മരിയാതുരുത്ത്, മള്ളിച്ചിറയിൽ വീട്ടിൽ ശ്രീ. അനന്തകൃഷ്ണൻ ബി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിൽ കാലതാമസം നേരിടുമെന്നതിനാൽ സിവിൽ എക്സൈസ് ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനായി ശ്രീ. അനന്തകൃഷ്ണൻ ബി. പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് അപേക്ഷകൻ മേജറാണെങ്കിൽ, മരണമടഞ്ഞ തീയതി മുതൽ 2 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരിക്കൽ സമർപ്പിച്ച അപേക്ഷയിലെ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഈ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാബു കെ. വി.-യുടെ മരണസമയത്ത് മേജർ ആയിരുന്ന അപേക്ഷകൻ എൽ.ഡി.ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമന അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിലും സിവിൽ എക്സൈസ് ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് മാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നതിൽ 6 മാസത്തേയും 14 ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോലീസ് വകുപ്പിൽ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ 18.02.2019-ൽ നിര്യാതനായ ബാബു കെ. വി.-യുടെ മകൻ ശ്രീ. അനന്തകൃഷ്ണൻ ബി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സിവിൽ എക്സൈസ് ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 6 മാസത്തേയും 14 ദിവസത്തേയും കാലതാമസം മാപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. അനന്തകൃഷ്ണൻ ബി., മള്ളിച്ചിറയിൽ വീട്ടിൽ, മരിയാതുരുത്ത് പി.ഒ., വാരിശ്ശേരി, കോട്ടയം-686017.
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോട്ടയം (10.03.2021 ലെ DCKTM/7548/2020-SS1 പ്രകാരം).
പൊതുഭരണ (എസ്.സി.) വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by S Chandragopan**
**Date: 22-08-2022 11:22:26**
സെക്ഷൻ ഓഫീസർ

പകർപ്പ്ഃ
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 16-08-2022

ഫയൽ നം. കെ3/253/2020/ആഭ്യന്തരം. ഇനം നം: 991

വിഷയം : ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ. അനന്തകൃഷ്ണൻ ബി തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

168

Office of the Additional Chief Secretary Home
16/8
2.35pm

991

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1 ഫയൽ നമ്പർ | കെ3/ 253/ 2020/ ആഭ്യന്തരം |
| 2 വകുപ്പ് | ആഭ്യന്തര(കെ) വകുപ്പ് |
| 3 വിഷയം | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ. അനന്തകൃഷ്ണൻ ബി. തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്- സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.08.2022 |
| 5.(i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അല്ല |
| (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | മേരി ലാലി സി. വൈ. |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04.08.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.08.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 10.08.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11.08.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി ശ്രീ. അനന്തകൃഷ്ണൻ ബി. സമർപ്പിച്ചിരുന്ന തസ്തികമാറ്റത്തിനായുള്ള അപേക്ഷയിലെ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കോട്ടയം ജില്ലാ പോലീസ് ആസ്ഥാനത്ത് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ 18.02.2019-ൽ നിര്യാതനായ ബാബു കെ. വി.-യുടെ മകൻ കോട്ടയം, വാരിശ്ശേരി, മരിയാതുരുത്ത്, മള്ളിച്ചിറയിൽ വീട്ടിൽ ശ്രീ. അനന്തകൃഷ്ണൻ ബി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി 11.02.2020-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിൽ കാലതാമസം നേരിട്ടുമെന്നതിനാൽ സിവിൽ എക്സൈസ് ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനായി ശ്രീ. അനന്തകൃഷ്ണൻ ബി. 03.09.2021-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3) സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് അപേക്ഷകൻ മേജറാണെങ്കിൽ, മരണ തീയതി മുതൽ 2 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് 24.05.1999 ലെ G.O.(P)No.12/99/P&ARD-യിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരിക്കൽ സമർപ്പിച്ച അപേക്ഷയിലെ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഈ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാബു കെ. വി.-യുടെ മരണസമയത്ത് മേജർ ആയിരുന്ന അപേക്ഷകൻ (ജനനതീയതി-28.10.1996) എൽ.ഡി.ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമന അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിലും സിവിൽ എക്സൈസ് ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് മാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നതിൽ 6 മാസത്തേയും 14 ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

4) തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നതിലൂടെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ല

5) ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## **തീരുമാനിക്കേണ്ട സംഗതി**

പോലീസ് വകുപ്പിൽ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ 18.02.2019-ൽ നിര്യാതനായ ബാബു കെ. വി.-യുടെ മകൻ ശ്രീ. അനന്തകൃഷ്ണൻ ബി. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ 6 മാസത്തേയും 14 ദിവസത്തേയും കാലതാമസം മാപ്പാക്കി നൽകാവുന്നതാണോ ?